ഉത്തരം

(എ) എടച്ചേരി സ്വദേശി നാരായണൻ എന്നയാളുടെ പരാതി ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ കെ. നാരായണൻ, എടച്ചേരി എന്നയാൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ഠൗൺ പോലീസ് സ്റ്റേഷൻ Crime No.1596/13 U/s 364(A) 347, 323, 506(i) r/w 34 IPC പ്രകാരം 13-10-2013-ന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) കെ. നാരായണനെ തട്ടിക്കൊണ്ട് പോയത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ തട്ടിക്കൊണ്ടുപോയത് സംബന്ധിച്ചുള്ള സംഗതികൾ ബോദ്ധ്യമായിട്ടുണ്ട്. പോലീസ് ആഫീസറുടെ പങ്കിനെപ്പറ്റി അന്വേഷണത്തിൽ ബോധ്യമായിട്ടില്ല.

(സി) കെ. നാരായണന്റെ പരാതിപ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ നാരായണൻ ഇത്തരം ആക്ഷേപം ഉന്നയിച്ചിട്ടില്ല. അന്വേഷണത്തിൽ അത്തരത്തിലുള്ള കാര്യങ്ങൾ തെളിഞ്ഞിട്ടില്ല.

(ഡി) പ്രസ്തുത വാർത്ത മേൽകേസിന്റെ അന്വേഷണത്തിന്റെ ഭാഗമാക്കിയിട്ടില്ല. എന്നാൽ പത്രവാർത്തയെക്കുറിച്ച് അന്വേഷിച്ചതിൽ ഇത് വെറും ആരോപണം മാത്രമാണെന്ന് തെളിഞ്ഞിട്ടുള്ളതാണ്.

(ഇ) അന്വേഷണത്തിന്റെ ഭാഗമായി റെയിഡുകൾ നടത്തിയിട്ടില്ല.

(എഫ്) കണ്ടെത്തിയിട്ടില്ല.

(ജി) ഇത് സംബന്ധിച്ച് അന്വേഷണം നടന്നുവരികയാണ്.

ബ്ലേഡ് മാഫിയയുടെ പീഡനം സംബന്ധിച്ച പരാതി

178 (6327) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 25-10-2013-ന്റെ മാതൃഭൂമി കണ്ണൂർ എഡിഷനിൽ നാട്ടുവർത്തമാനം പേജിൽ വന്ന "പണം ആവശ്യപ്പെട്ട് യുവാവിനെ തീക്കുനയ്ക്ക് നടുവിൽ നിർത്തി" എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വാർത്തയിൽ പറയുന്ന മനേഷിന്റെ ഭാര്യയുടെയും അമ്മയുടെയും പരാതി കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ടിന് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ജില്ലാ പോലീസ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ബ്ലേഡ് മാഫിയയ്ക്ക് വേണ്ടി കാട്ടേഷൻ സംഘം നടത്തിയ ഈ പീഡനത്തിൽ പോലീസ് മനേഷിന്റെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ മൊഴിയുടെ കോപ്പി ലഭ്യമാക്കാമോ ;

(എഫ്) പ്രസ്തുത സംഭവത്തിൽ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഉണ്ടെങ്കിൽ പ്രസ്തുത കേസ്സിൽ ആരെല്ലാമാണ് പ്രതികളെന്ന് വ്യക്തമാക്കാമോ ;

(എച്ച്) പ്രസ്തുത കേസ്സിന്റെ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്മാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഐ) കേസ്സന്വേഷണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മനേഷ് എന്നയാളുടെ ഭാര്യയുടെ പരാതി ലഭിച്ചിട്ടില്ല. എന്നാൽ മഹേഷ് എന്നയാളുടെ ഭാര്യ കണ്ണൂർ ജില്ലാ പോലീസ് മേധാവിക്ക് പരാതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പരാതി കണ്ണൂർ ഠൗൺ പോലീസ് സ്റ്റേഷനിൽ അയച്ചു കൊടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ഠൗൺ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 1511/2013 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) മഹേഷ് എന്നയാളിന്റെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്.

(ഇ) മൊഴിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(എഫ്) ഉണ്ട്. കണ്ണൂർ ഠൗൺ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 1511/2013 പ്രകാരം.

(ജി) 1. ശ്യാം സുന്ദർ, 2. രജിൽ, 3. ജോസഫ്, 4. നീഷ, 5. ജിംനേഷ്, 6. റിജിൽ, 7. പ്രേംജിത്ത്, 8. വരുൺ, 9. ഷിജിൻ, 10.തിരിച്ചറിയാത്ത ഒരാൾ.

(എച്ച്) കണ്ണൂർ ഠൗൺ പോലീസ് സർക്കിൾ ഇൻസ്പെക്ടറും വളപട്ടണം പോലീസ് സർക്കിൾ ഇൻസ്പെക്ടറും ഈ കേസ് അന്വേഷിച്ചിട്ടുണ്ട്.

(ഐ) ടി കേസിലെ 1 മുതൽ 6 വരെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒമ്പതാം പ്രതി മരണപ്പെട്ടുപോയിട്ടുള്ളതുമാകുന്നു. 7, 8 പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു. പത്താം പ്രതിയെ തിരിച്ചറിയുവാൻ ബാക്കിയുണ്ട്. കേസ് അന്വേഷണാവസ്ഥയിൽ ആയതിനാൽ ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

റാന്നി കേന്ദ്രമാക്കി പോലീസ് സബ് ഡിവിഷൻ

179 (6328) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പോലീസ് സബ് ഡിവിഷനുകൾ നിലവിലുണ്ട് ; ഒരു സബ് ഡിവിഷനുകീഴിൽ ശരാശരി എത്ര പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടും ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly